SECOND TERM SUMMATIVE ASSESSMENT 2026-27

ANSWER KEY / SCORING INDICATORS

മലയാളം I – കേരളപാഠാവലി

Std: X SET 1 **Score: 40**

For teachers **Time: 1½ Hours**

അധ്യാപകർക്ക്: ഇവ ഉത്തരസൂചകങ്ങളാണ്. ആശയം, ഉദാഹരണങ്ങൾ, ഭാഷ, ക്രമീകരണം എന്നിവ പരിഗണിച്ച് സ്കോർ നൽകുക. കുട്ടികളുടെ സ്വന്തം ഭാഷയിലുള്ള ഉചിതമായ ഉത്തരങ്ങൾ സ്വീകരിക്കുക.

1. B. ടി. പത്മനാഭൻ (1)

2. B. പ്രകൃതിയെപ്പോലും ഡിജിറ്റൽ അളവുകളിൽ കാണുന്ന പുതിയ മനോഭാവം (1)

3. C. കാട് + ഇൽ = കാട്ടിൽ (ദ്വിത്വസന്ധി) (1)

4. A. (I) മാത്രം ശരി (1)

5. 'ജലം' ശുദ്ധവും ആദർശാത്മകവുമായ വെള്ളത്തെ സൂചിപ്പിക്കുന്നു; 'വെള്ളം' കവിയുടെ ആലപ്പുഴയിലെ ജീവിതാനുഭവത്തിലെ കലങ്ങിയ, ഉപ്പുരസമുള്ള, ചകിരിമണമുള്ള വെള്ളമാണ്. ദേശാനുഭവവുമായി ബന്ധപ്പെട്ടതാണ് 'വെള്ളം' എന്നതിനാൽ കവി അവയെ വേർതിരിച്ചു കാണുന്നു. (2)

6. (A) 'പൊൻതൂലിക' – എഴുത്ത്, സർഗാത്മകത, പഴയ മൂല്യങ്ങൾ; 'കിടിലൻ ഫോൺ' – പുതിയ സാങ്കേതികവിദ്യ, പ്രദർശനപരത. സർഗാത്മകതയെ കൈവിട്ട് സാങ്കേതികതയുടെ പുറംമോടിയിലേക്കു മാറുന്ന കാലത്തെ ഇവ സൂചിപ്പിക്കുന്നു. (2)
(B) ബർമയിൽ ജനിച്ച് കേരളത്തിൽ വളർന്ന യു.എ. ഖാദറിന് ജന്മദേശവും വളർന്ന നാടും ഒരുപോലെ സ്വന്തമാണ്; രണ്ടിനുമിടയിലെ സ്വത്വസംഘർഷം അദ്ദേഹത്തിന്റെ എഴുത്തിൽ കാണാം. അതിനാൽ ഒരാൾക്ക് ദേശം ഒന്നിലേറെയാകാം. (2)

7. സൂചനകൾ: കഥാകൃത്ത് – പ്രകൃതിസ്നേഹി, ലാളിത്യവും മരങ്ങളോടുള്ള അടുപ്പവും, മണ്ണുമായുള്ള ബന്ധം ജീവിതത്തിന്റെ ഭാഗം; കെ.യു. നായർ – പണക്കാരനായ പ്രവാസി, ആഡംബരം, വലിയ ബംഗ്ലാവ്, മരങ്ങൾ (പൊൻചെമ്പകം) വെട്ടിമാറ്റൽ, ഇന്റർലോക്കും മാർബിളും, കൃത്രിമമായ സുഖം; ഒടുവിൽ മക്കൾ അകന്നുപോയപ്പോൾ ഒറ്റപ്പെടൽ; പണം കൊണ്ട് സന്തോഷം നേടാനാവില്ല എന്ന തിരിച്ചറിവ്; താരതമ്യം, നിഗമനം. (5)

8. സൂചനകൾ: ആമ്പൽക്കുളത്തിലെ കലങ്ങിയ വെള്ളം കണ്ട് പെൺകുട്ടിയുടെ ആശങ്ക; നൂർ മുഹമ്മദ് പറയുന്ന ബുദ്ധകഥ – വണ്ടികൾ കടന്ന് കലങ്ങിയ അരുവി, കാത്തിരിക്കാൻ ബുദ്ധൻ പറയുന്നു, വെള്ളം തനിയെ തെളിയുന്നു; പ്രകൃതിക്ക് സ്വയം സുഖപ്പെടാനുള്ള ശേഷി; ക്ഷമയും മനസ്സിന്റെ ശാന്തതയും; മനുഷ്യന്റെ അമിതമായ ഇടപെടൽ ഒഴിവാക്കണമെന്ന സൂചന; ശീർഷകം പ്രതീക്ഷയുടെ പ്രതീകം – ഔചിത്യം. (5)

9. സൂചനകൾ: വയനാടിന്റെ പച്ചപ്പ്, നെൽപ്പാടം, ഉഴുന്ന കർഷകർ; അത് ഫോട്ടോയെടുത്ത് പോസ്റ്റ് ചെയ്യുന്ന കവി/സുഹൃത്ത്; ലൈക്കുകളുടെയും കമന്റുകളുടെയും പ്രളയം; കപടമായ പരിസ്ഥിതിസ്നേഹം; പ്രകൃതിയെ കച്ചവടവസ്തുവായും ഡാറ്റയായും കാണുന്ന മനോഭാവം ('എത്ര സെന്റ്', 'എത്ര ജീബി'); കുറുമരുടെയും കുറിച്യരുടെയും ജീവിതം അവഗണിക്കപ്പെടുന്നത്; ആക്ഷേപഹാസ്യം; നിരീക്ഷണം. (5)

10. സൂചനകൾ: മാതൃഭാഷ ചിന്തയുടെയും വികാരത്തിന്റെയും ഭാഷ; സംസ്കാരവും ഓർമയും അതിലൂടെ ഒഴുകുന്നു; മറ്റു ഭാഷകൾ പഠിക്കുന്നത് നല്ലതെങ്കിലും മാതൃഭാഷ ഉപേക്ഷിക്കരുത്; ഭാഷയുടെ ശുദ്ധിയെക്കാൾ അതിലൂടെയുള്ള ആത്മബന്ധം പ്രധാനം; ചുറ്റുമുള്ളവരുടെ ഭാഷയെ ആദരിക്കൽ; 'ജീവനദി' എന്ന രൂപകത്തിന്റെ ഔചിത്യം. (5)

11. (A) സൂചനകൾ: കടുപ്പമുള്ള ചായയുടെ നിറമുള്ള വെള്ളം, ചകിരിയുടെ മണം, ഇരുമ്പിന്റെ രുചി, വിയർപ്പിന്റെ ചൂട്; വെള്ളപ്പൊക്കവും വേനലും; ഓലമുടഞ്ഞതുപോലെ മുടി പിന്നിയ നാട്ടുപെണ്ണ്; മാഞ്ഞുപോകാത്ത ഓർമകൾ; കവിയുടെ ശരീരത്തിലും മനസ്സിലും ദേശം പതിഞ്ഞിരിക്കുന്നു; 'തൊണ്ട ദാഹിക്കുന്നു' – ദേശത്തോടുള്ള തീരാത്ത ആഗ്രഹം; സ്ത്രീയനുഭവവും ദേശാനുഭവവും ചേരുന്നു. (5)

(B) സൂചനകൾ: ഭൂപ്രകൃതി, സസ്യങ്ങൾ, തൊഴിൽ, ആചാരങ്ങൾ, ഗോത്രജീവിതം എന്നിവയിലൂടെ ദേശം; ചിലർ വിശദമായ വർണന, ചിലർ സ്ഥലനാമങ്ങൾ മാത്രം, ചിലർ കാവ്യബിംബങ്ങൾ; ഒ.എൻ.വി.ക്കും യു.എ. ഖാദറിനും ദേശം വ്യത്യസ്ത അനുഭവം; വികസനം വരുത്തുന്ന നഷ്ടങ്ങൾ (വല്ലി); നാടുവിട്ടാലും വേരുകളോടുള്ള ബന്ധം; ഉദാഹരണങ്ങൾ. (5)

12. (A) പ്രഭാഷണം: അഭിസംബോധന; വിഷയാവതരണം; മണ്ണും മനുഷ്യനും തമ്മിലുള്ള ബന്ധം – മരങ്ങൾ വെട്ടി ആഡംബരവീടുകൾ, ഒറ്റപ്പെടൽ; പ്രകൃതിയുടെ സ്വയം സുഖപ്പെടാനുള്ള ശേഷിയും മനുഷ്യന്റെ ക്ഷമയും; കാലികപ്രശ്നങ്ങൾ – പ്രളയം, ജലക്ഷാമം, മാലിന്യം; വിദ്യാർഥികൾക്ക് ചെയ്യാവുന്നത് – മരം നടൽ, പ്ലാസ്റ്റിക് ഒഴിവാക്കൽ, ജലസംരക്ഷണം; ശക്തമായ ഉപസംഹാരം, നന്ദി. (ആശയം 3, ഘടന 2, ഭാഷ 2) (7)

(B) ആസ്വാദനം: കവിതയുടെ ആശയം – മഴയും മണ്ണും വിത്തും തമ്മിലുള്ള പരസ്പരാശ്രയം; ബിംബങ്ങൾ – ചെറുതുള്ളി, ഉറങ്ങുന്ന വിത്ത്, ഇലകളിലെ താളം; മഴയെ മനുഷ്യനെപ്പോലെ സംസാരിക്കുന്നതായി അവതരിപ്പിക്കൽ (ഭാവാരോപണം); ലളിതമായ ഭാഷ, താളം; കാലികപ്രസക്തി – ജലസംരക്ഷണം, കാലാവസ്ഥാമാറ്റം; സ്വന്തം അഭിപ്രായം. (ആശയം 2, ആസ്വാദനാംശങ്ങൾ 3, കാലികപ്രസക്തി 2) (7)

www.educationobserver.com